പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4600. — 04/02/2014 -ൽ മറുപടിക്ക്

**ആധാരങ്ങളുടെ രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്.<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി.ബാലകൃഷ്ണൻ.<br>,, റ്റി.എൻ.പ്രതാപൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിലൂടെ ഓൺലൈനായി നേടുന്നതിനുള്ള സൗകര്യമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അതോടൊപ്പംതന്നെ, കേരളത്തിലെ രജിസ്ട്രേഷൻ സംബന്ധമായ ഏത് വിവരവും ക്രോഡീകരിച്ച രൂപത്തിൽ ഉടനടി ലഭിക്കുന്നതിനാൽ ഭരണപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള കാലതാമസം ഒഴിവാകുന്നു. |
| സി) ഏതെല്ലാം കേന്ദ്രസഹായങ്ങളാണ് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി 25% കേന്ദ്ര സഹായം ലഭിക്കുന്നു. |
| ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ നൽകുമോ? | ഡി) പദ്ധതിയുടെ പരീക്ഷണഘട്ടത്തിന്, തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 01.09.2011-ൽ തുടക്കം കുറിക്കുകയും, ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു. |

1. ആദ്യ ഘട്ടത്തിൽ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ തുടങ്ങിയവ ഓൺലൈനായി നൽ കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

2. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതിനായി വിവിധ സ്വഭാവത്തിലുള്ള 19 ആധാരങ്ങളുടെ മാതൃക പ്രസിദ്ധപ്പെടുത്തി.

3. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

4. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി, 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഓൺലൈൻ സേവനങ്ങൾ പ്രദാനം ചെയ്യുന്നതു സംബന്ധിച്ച് ആധാരമെഴുത്തുകാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നു.

സെക്ഷൻ ഓഫീസർ